## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1020** **30.01.2019-ൽ മറുപടിക്ക്**

## തൊഴിലിടങ്ങളിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം

**ചോദ്യം** **മറുപടി**

ശ്രീ.സണ്ണി ജോസഫ് :

ശ്രീ.ടി.പി.രാമകൃഷ്ണൻ
തൊഴിലും എക്സൈസും വകുപ്പ് മന്ത്രി

(എ) തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പിലാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി നടപ്പിലാക്കിയ കാര്യങ്ങൾ വിശദമാക്കുമോ;

(എ) യും (ബി) യും തൊഴിലിടങ്ങളിൽ ലിംഗസമത്വം നടപ്പാക്കുന്നതിനും സ്ത്രീ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഉതകുന്ന നടപടികൾ സർക്കാരിന്റെ കരട് തൊഴിൽനയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. തുല്യജോലിക്ക് തുല്യവേതനം ഉറപ്പാക്കുവാൻ നിയമപ്രകാരമുള്ള പരിശോധനകൾ നടത്തുന്നുണ്ട്. എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ സ്ത്രീകൾ ഉൾപ്പെടെയുള്ള ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നു. ജീവനക്കാർക്ക് വിശ്രമ സൗകര്യം, ഹോസ്റ്റൽ സൗകര്യം, ക്രഷ് എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ സ്വകാര്യ വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്ന പുതിയ പദ്ധതിയിൽ സ്ത്രീ സൗഹൃദ അന്തരീക്ഷം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2018 ലെ കേരള ഷോപ്പ് & കൊമേഴ്സ്യൽ

എസ്റ്റാബ്ലിഷ് മെന്റ്(ഭേദഗതി) ആക്റ്റ് പ്രകാരം ജോലിസ്ഥലങ്ങളിൽ തൊഴിലാളികൾക്ക് ഇരിക്കുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.

തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തണമെന്ന് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന് അനുബന്ധമായി കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നിയമമാണ് 'The Sexual Harassment of Women at Work Place (Prevention, Prohibition And Redressal) Act-2013. തൊഴിലിടങ്ങളിൽ അതിക്രമം ചെറുക്കുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന്റെയും ഭാഗമായി തൊഴിലിടങ്ങളിൽ ഇന്റേണൽ കംപ്ലയിൻസ് കമ്മിറ്റിയും (ICC) ലോക്കൽ കംപ്ലയിൻസ് കമ്മിറ്റിയും രൂപീകരിക്കാനുള്ള സംവിധാനം ഉണ്ടാക്കണമെന്നും, പ്രവർത്തിപ്പിക്കണമെന്നും ആവശ്യപ്പെട്ട് എല്ലാ വകുപ്പുകൾക്കും 1556/ബി3/16/സാനീവ തീയതി 26.05.16 പ്രകാരം സാമൂഹ്യനീതി വകുപ്പിൽ നിന്നും സർക്കുലർ അയച്ചിട്ടുണ്ട്. നോഡൽ ഏജൻസി എന്ന നിലയിൽ വനിതാ ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച അറിയിപ്പും നൽകിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 ൽ കൂടുതൽ തൊഴിലാളികളുള്ള സ്ഥാപനത്തിൽ ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കേണ്ടത് തൊഴിൽ ഉടമകളുടെ ഉത്തരവാദിത്തമാണ്.

തൊഴിൽ വകുപ്പിന്റെ ഇൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥാപന പരിശോധനകൾ നടത്തുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടം 6 ബി (5) പ്രകാരം ഇന്റേണൽ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും രൂപീകരിച്ചിട്ടില്ലാത്ത

സ്ഥാപനങ്ങളിൽ കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് തൊഴിലുടമകൾക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. കൂടാതെ കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാത്ത പക്ഷം സ്ഥാപന ഉടമകൾക്കെതിരെ പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് യും ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് തൊഴിൽ വകുപ്പിന് യും സാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) വിവിധ തൊഴിൽ നിയമങ്ങൾ അനുസരിച്ച് സ്ത്രീ തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉടമകൾക്കെതിരെ സ്ഥാപന പരിശോധനാ വേളയിൽ തൊഴിൽ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ ഫയൽ ചെയ്യുന്നത് ഉൾപ്പെടയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) ഇത് സംബന്ധിച്ച് സ്ത്രീ തൊഴിലാളികളെ ബോധവൽക്കരിക്കുവാൻ തൊഴിൽ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇരിക്കുവാനുള്ള അവകാശത്തെ സംബന്ധിച്ച് തൊഴിലാളികളെയും തൊഴിലുടമകളെയും ബോധവൽക്കരിക്കുന്നതിനായി ലഘുലേഖകൾ വിതരണം ചെയ്തു വരുന്നുണ്ട്.

(ഇ) മെറ്റേണിറ്റി ബെനഫിറ്റ് ആക്റ്റ് ബാധകമല്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് നൽകി വരുന്ന പ്രസവാനുകൂല്യം കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.